## പത്രക്കുറിപ്പ് (29.05.2017)

## അദ്ധ്യയന വർഷാരംഭം – വിദ്യാർത്ഥികളുടെ സുരക്ഷയിലൂന്നി തൃശ്ശൂർ സിറ്റി പോലീസ്






സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട യോഗത്തിൽ ജില്ലാ പോലീസ് മേധാവി നാരായണൻ  ടി IPS സംസാരിക്കുന്നു.





മദ്ധ്യവേനലവധി കഴിഞ്ഞ് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുകയാണ്. അപകടങ്ങൾ തീർത്തും ഒഴിവാക്കുക, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക, കുട്ടികളെ ദുസ്വാധീനത്തിൽ പെടുത്താൻ ഇടയുള്ള പുകയില ഉത്പനങ്ങൾ, ലഹരി വസ്തുക്കൾ എന്നിവയുടെ ലഭ്യത സ്കൂൾ പരിസരങ്ങളിൽ പൂർണ്ണമായും ഇല്ലെന്ന് ഉറപ്പുവരുത്തുക, പെൺകുട്ടികളുടെ സുരക്ഷാ പ്രത്യേകം ഉറപ്പുവരുത്തുക എന്നിവയിലൂന്നികൊണ്ടുള്ള പ്രത്യേക കർമ്മ പദ്ധതികൾ തൃശ്ശൂർ റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. M.R Ajith Kumar IPS-ൻെറ നിർദ്ദേശപ്രകാരം തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. നാരായണൻ. ടി IPS ൻെറ നേതൃത്വത്തിൽ തൃശ്ശൂർ സിറ്റി പോലീസ് പരിധിയിൽ നടപ്പിലാക്കുന്നതാണ്.

- സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂൾ പരിസരങ്ങളിൽ വനിതാ പോലീസ് ഉൾപ്പെടെയുള്ളവരെ വിന്യസിച്ച് പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതാണ്.
- വിദ്യാലയ പരിസരങ്ങളിൽ മയക്കുമരുന്നിൻെറയും, ലഹരിയടങ്ങിയ പാനീയങ്ങളുടെയും, മിഠായിയുടെയും വിൽപനയും ഉപഭോഗവും ഇല്ലായ്മ ചെയ്യുന്നതിനായി സ്റ്റേറ്റ് ആൻറി ഗുണ്ടാ സ്ക്വാഡ്, ഷാഡോ പോലീസ്, രഹസ്യാന്വേഷണ വിഭാഗം എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തി സ്കൂൾ പരിസരങ്ങളിലും മറ്റും കർശനമായ നിരീക്ഷണം ഏർപ്പെടുത്തുന്നതും നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

- ക്ലാസ്സുകളിൽ കയറാതെ കറങ്ങി നടക്കുന്ന കുട്ടികളെ കണ്ടെത്തി ടി വിവരം മാതാപിതാക്കളെയും, സ്കൂൾ അധികൃതരെയും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നതിന് വിമുഖത കാണിക്കുന്ന ബസ്സ് ജീവനക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.
- വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ബസ്സ് സ്റ്റാൻഡുകളിലും, പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിലും, സ്കൂൾ പരിസരങ്ങളിലും പോലീസ് ഉദ്യാഗസ്ഥൻമാരെ നിയോഗിക്കും. കൂടാതെ പിങ്ക് പട്രോളിങ്ങ് സംഘത്തിൻെറ സാന്നിദ്ധ്യവും ഉണ്ടായിരിക്കും.
- വിദ്യാർത്ഥികൾക്കെതിരെ മോശമായി പെരുമാറുന്ന ജീവനക്കാർക്കെതിരെ എന്തെങ്കിലും പരാതികളുണ്ടെങ്കിൽ തൃശ്ശൂർ സിറ്റി പോലീസിൻെറ 7025930100 എന്ന നമ്പറിൽ വാട്ട്സ് ആപ്പ് മുഖേനയും, 100 എന്ന നമ്പറിൽ പോലീസ് കൺട്രോൾ റൂമിനേയും, 1515 എന്ന നമ്പറിൽ പിങ്ക് പട്രോൾ സംഘത്തിനേയും വിളിച്ച് വിവരം അറിയിക്കാവുന്നതാണ്.
- സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന തൊഴിലാളികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ സർക്കിൾ തലത്തിൽ നടത്തിയിട്ടുള്ളതും നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതുമാണ്.
- വിദ്യാർത്ഥികളുടെ യാത്രയ്ക്കായി സ്കൂൾ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ബസ്സുകളും, വാനുകളും ഏർപ്പെടുത്തി വരുന്നുണ്ട്. അത്തരം എല്ലാ ബസ്സുകളിലും, വാനുകളിലും പതിക്കുന്നതിനായി 'പോലീസ് ഐഡന്റിഫിക്കേഷൻ നമ്പർ' രേഖപ്പെടുത്തിയ പ്രത്യേക സ്റ്റിക്കറുകൾ തയ്യാറാക്കി പോലീസ് സ്റ്റേഷനുകൾ മുഖാന്തിരം നൽകിയിട്ടുള്ളതാണ്.
- പോലീസ് ഐഡന്റിഫിക്കേഷൻ നമ്പർ പതിക്കാത്ത സ്കൂൾ വാഹനങ്ങളിൽ വിദ്യാർത്ഥികളെ കയറ്റികൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ല.
- സ്കൂൾ ബസ്സുകളിലും, വാനുകളിലും ജോലി നോക്കുന്ന ഡ്രൈവർമാർ, ക്ലീനർമാർ, സഹായികൾ, ആയമാർ എന്നിവരുടെ മുൻകാല ചരിത്രം പോലീസ് പരിശോധനയ്ക്ക് വിധേയമാക്കി Police Clearance Certificate

നല്കും. Police Clearance Certificate ഇല്ലാത്തവരെ സ്കൂൾ വാഹനങ്ങളിൽ പ്രവർത്തിക്കാൻ ആരെയും അനുവദിക്കുന്നതല്ല.

- ❖ സ്കൂൾ വാഹനങ്ങളിൽ GPS, Speed Governors, CCTV ക്യാമറകൾ എന്നിവ ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുള്ളതാണ്.
- ❖ സ്കൂൾ വാഹനങ്ങളുടെ നീക്കം GPS സംവിധാനം വഴി Police Control Room/Police Station എന്നിവിടങ്ങളിൽ കൂടി നിരീക്ഷിക്കും.
- ❖ അനുവദനീയമായതിൽ കൂടുതൽ വിദ്യാർത്ഥികളെ സ്കൂൾ വാഹനങ്ങളിൽ കയറ്റുവാൻ അനുവദിക്കുന്നതല്ല.
- ❖ സ്കൂൾ ബസ്സുകളുടെ ഡോറുകൾ അടച്ചിടാവുന്ന തരത്തിലുള്ളവയും, സുരക്ഷിതവുമായിരിക്കണം.
- ❖ സ്കൂൾ സ്ഥാപനങ്ങളുടെ വാഹനങ്ങളില്ലല്ലാതെ രക്ഷിതാക്കളുടെ താത്പര്യപ്രകാരം വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിന് മിനിബസ്സ്, വാനുകൾ, ലൈറ്റ് വെഹിക്കിൾസ്, ഓട്ടോറിക്ഷകൾ എന്നിവ ഉപയോഗിക്കുന്നുണ്ട്. അത്തരം വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലാത്ത വാഹനങ്ങൾ സ്കൂൾ സർവ്വീസ് നടത്തുവാൻ അനുവദിക്കുന്നതല്ല.
- ❖ സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന ഓട്ടോറിക്ഷ ഉൾപ്പടെയുള്ള വാഹനങ്ങളിൽ അനുവദിനീയമായതിലും കൂടുതൽ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുവരുന്ന പ്രവണത മുൻകാലങ്ങളിൽ കണ്ടുവന്നിട്ടുള്ളതാണ്. ഇത് തടയുന്നതിനായി കർശന പരിശോധന നടത്തുന്നതും, നിയമവിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതുമാണ്.
- ❖ സ്കൂളുകളുടെയും, കോളേജുകളുടെയും സമീപം പാർക്ക് ചെയ്ത് സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷക്കാരുൾപ്പെടെയുള്ളവരുടെ വിവരം രഹസ്യാന്വേഷണ വിഭാഗം മുഖാന്തിരം ശേഖരിച്ചിട്ടുള്ളതാണ്. ഇവരുടെ ഭാഗത്തുനിന്നുള്ള പ്രവർത്തികളെ നിരീക്ഷിച്ചു വരുന്നുണ്ട്.
- ❖ അമിതവേഗതയിലും, അശ്രദ്ധമായും, ലഹരി ഉപയോഗിച്ചും സ്കൂൾ വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും.

- സ്കൂളുകളുടെയും, കോളേജുകളുടെയും മുന്നിൽ രണ്ട് ട്രാഫിക് വാർഡന്മാരെ സ്കൂൾ അധികൃതർ നിയമിക്കേണ്ടതും, CCTV ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സ്കൂൾ അധികാരികൾക്ക് നല്കിയിട്ടുണ്ട്.
- വിദ്യാർത്ഥികളുടെ സുരക്ഷക്രമീകരണങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ/ കോളേജ് അധികൃതർ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, പോലീസ് ഉദ്യോഗസ്ഥൻമാർ, തൊഴിലാളി പ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ പോലീസ് മേധാവി നടത്തുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതുമാണ്.

Sd/-

നാരായണൻ. ടി IPS,
ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി